# കേരള സർവകലാശാല

നം. പി.ആർ.025/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### അക്കാഡമിക് കൗൺസിൽ യോഗം

കേരള സർവകലാശാല അക്കാഡമിക് കൗൺസലിന്റെ പ്രത്യേക യോഗം മാർച്ച് 11 രാവിലെ 10 മണിക്ക് സെനറ്റ് ചേംബറിൽ നടത്തും.

### എൽ.എൽ.ബി സൂക്ഷ്മപരിശോധന

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തിയ എട്ടാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി (പഞ്ചവത്സരം) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചവർ പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ മാർച്ച് മൂന്ന് മുതൽ 11 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി ഹാജരാകണം.

### ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ

കേരള സർവകലാശാല 2016 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി.എസ്‌സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രായോഗിക പരീക്ഷ മാർച്ച് ഒമ്പത് മുതൽ അതത് കോളേജുകളിൽ നടത്തും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എൽ.ഐ.എസ്‌സി പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 11-ന് തുടങ്ങുന്ന എം.എൽ.ഐ.എസ്‌സി പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 28 (50 രൂപ പിഴയോടെ മാർച്ച് 30, 250 രൂപ പിഴയോടെ ഏപ്രിൽ ഒന്ന്) വരെ അപേക്ഷിക്കാം.

### ബി.ഡി.എസ് പരീക്ഷ

കേരള സർവകലാശാല മാർച്ച് 29-ന് തുടങ്ങുന്ന മൂന്നാം ബി.ഡി.എസ് (അഡീഷണൽ - ന്യൂ സ്കീം & ഓൾഡ് സ്കീം) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് 11 (50 രൂപ പിഴയോടെ മാർച്ച് 15, 250 രൂപ പിഴയോടെ മാർച്ച് 16) വരെ അപേക്ഷിക്കാം. വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ സി.വി ക്യാമ്പ് ഫീസായി 300 രൂപ അടയ്ക്കണം.

### എം.എഫ്.എ പരീക്ഷ

കേരള സർവകലാശാല മാർച്ച് 21-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.എഫ്.എ (സ്കൾപ്ചർ) പരീക്ഷയ്ക്ക് പിഴകൂടാതെ മാർച്ച് ഒമ്പത് (50 രൂപ പിഴയോടെ മാർച്ച് 10, 250 രൂപ പിഴയോടെ മാർച്ച് 11) വരെ അപേക്ഷിക്കാം.

### മാർജിനൽ ഇൻക്രീസ്: അപേക്ഷ സമർപ്പിക്കണം

കേരള സർവകലാശാലയുടെ കീഴിലെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് 2016-17

അധ്യയനവർഷത്തേക്കുള്ള മാർജിനൽ ഇൻക്രീസിനുള്ള അപേക്ഷകൾ പ്രിൻസിപ്പൽ മുഖാന്തിരം മാർച്ച് 11-നകം സമർപ്പിക്കണം. അപേക്ഷകൾ jrugonline@gmail.com എന്ന ഇ-മെയിൽ വഴിയും അപേക്ഷയുടെ ഹാർഡ് കോപ്പി രജിസ്ട്രാർ, കേരള സർവകലാശാല, പാളയം, തിരുവനന്തപുരം - 695 034 എന്ന വിലാസത്തിൽ മാർച്ച് 11-നകം നൽകണം.

## ടെലിഫോൺ കൗൺസലിംഗ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം 10, പ്ലസ് ടു പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ടെലഫോൺ കൗൺസലിംഗ് സൗകര്യം ഒരുക്കുന്നു. പരീക്ഷാസംബന്ധമായ സമ്മർദ്ദം, ഭീതി, അമിത ഉത്കണ്ഠ മറ്റ് വൈകാരിക മാനസിക പ്രശ്നങ്ങൾ എന്നിവ ടെലിഫോണിൽകൂടി പങ്കുവെച്ച് വിദ്യാർത്ഥിയുടെ മാനസിക സംഘർഷം ലഘൂകരിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സർവകലാശാല പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ നാല് മണിവരെ നടത്തുന്ന കൗൺസലിംഗ് സേവനം സൗജന്യമായിരിക്കും. പേഴ്സണൽ കൗൺസിലിംഗ്, റഫറൽ സർവീസ് എന്നിവ ലഭിക്കും. ഫോൺ 0471-2302524.

## നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ ഫലം : ശ്രുതിലാൽ ഒന്നാം റാങ്ക് നേടി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തിയ സർട്ടിഫിക്കറ്റ് ഇൻ നഴ്സിംഗ് അഡ്മിനിസ്ട്രേഷൻ കോഴ്സ് ഫലം പ്രസിദ്ധീകരിച്ചു. ശ്രുതിലാൽ (രജി.നം 10013) ഒന്നാം റാങ്ക് നേടി. മാർക്ക്ലിസ്റ്റുകൾ തയ്യാറായിട്ടുണ്ട്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി വന്ന് സർട്ടിഫിക്കറ്റ് കൈപ്പറ്റണം.

## സ്പോർട്സ് ടാലന്റ് സ്കോളർഷിപ്പ് വിതരണം

കേരള സർവകലാശാല ഫിസിക്കൽ എഡ്യൂക്കേഷൻ വകുപ്പ് വിദ്യാർത്ഥികൾക്കുള്ള സ്പോർട്സ് ട്രെയിനിംഗ് ഇൻസെന്റീവ് (2007-08, 2008-09), സ്പോർട്സ് ടാലന്റ് സ്കോളർഷിപ്പ് (2007-08 മാത്രം) വിതരണം മാർച്ച് 10 രാവിലെ 10 മണിക്ക് സെനറ്റ് ഹാളിൽ നടക്കും. വിദ്യാർത്ഥികളുടെ ലിസ്റ്റ് വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. യോഗ്യരായവർ അസൽ രേഖകൾ (തിരിച്ചറിയൽ രേഖ/ ആധാർ, സ്പോർട്സ് സർട്ടിഫിക്കറ്റിന്റെ അസലും സാക്ഷ്യപ്പെടുത്തിയ പകർപ്പും) സഹിതം ഹാജരാകണം. സ്കോളർഷിപ്പ തുക മാർച്ച് 10-ന് തന്നെ കൈപ്പറ്റേണ്ടതാണ്. അല്ലാത്തപക്ഷം ഈ തുക കേരള സർവകലാശാല ഫണ്ടിലേക്ക് നിക്ഷേപിക്കും. ഫോൺ. 0471-2386480.

## പുനർമൂല്യനിർണ്ണയം : തീയതി നീട്ടി

കേരള സർവകലാശാല ഫെബ്രുവരി മൂന്നിന് പ്രസിദ്ധീകരിച്ച നാലാം സെമസ്റ്റർ ബി.എസ്സി ഫിസിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (328 - 2013 അഡ്മിഷൻ, റഗുലർ)( പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാനുള്ള തീയതി മാർച്ച് 10 വരെ നീട്ടി.

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സ്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രം കൊല്ലം ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ തുടങ്ങുന്ന സർട്ടിഫിക്കറ്റ് ഇൻ

ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് മാർച്ച് 15 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ് ടു. താൽപര്യമുള്ളവർ കോളേജ് ഓഫീസിൽ നിന്നും നിശ്ചിത ഫോം വാങ്ങി പൂരിപ്പിച്ച യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം കോളേജിൽ നൽകണം. ഫോൺ. 0474–2712240.

## <u>എം.ബി.എൽ പ്രായോഗിക പരീക്ഷ</u>

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ എം.ബി.എൽ പരീക്ഷയുടെ ടീച്ചിംഗ് പ്രാക്ടീസ് പ്രായോഗിക പരീക്ഷ മാർച്ച് 16–ന് കേരള ലോ അക്കാദമിയിൽ നടത്തും.

(ഒപ്പ്)

ഡോ. ലാൽ സി.എ.
പബ്ലിക് റിലേഷൻസ് ഓഫീസർ

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
02.03.2016

അംഗീകാരത്തോടെ,



സെക്ഷൻ ഓഫീസർ